പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1369

31/10/2019-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൽപ്പറ്റ മണ്ഡലത്തിൽ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഏതെല്ലാം സ്കൂളുകൾക്ക് ഏതെല്ലാം ഇനങ്ങളിൽ എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയെന്ന് ഇനം തിരിച്ച് പട്ടിക ലഭ്യമാക്കാമോ; | (എ) കൽപ്പറ്റ മണ്ഡലത്തിലെ താഴെപ്പറയുന്ന വിദ്യാലയങ്ങളെയാണ് കിഫ്ബി ധനസഹായത്തോടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ തെരഞ്ഞെടുത്തിട്ടുള്ളത്.<br>**മികവിന്റെ കേന്ദ്രം (2017-18)**<br>ജി.വി.എച്ച്.എസ്.എസ്.കൽപ്പറ്റ - 5 കോടി<br>**അടിസ്ഥാന സൗകര്യ വികസനം (2017-18)**<br>ജി.എച്ച്.എസ്.എസ്. കാക്കവയൽ - 3 കോടി<br>ജി.എച്ച്. എസ്.എസ്.മേപ്പാടി - 3 കോടി<br>**1000 ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനം (2018-19)**<br>ജി.എച്ച്. എസ്.എസ്. കണിയാംമ്പെറ്റ - 3 കോടി<br>**500 നും 1000 നുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനം (2018-19)**<br>1.ജി.യു.പി.എസ്. കണിയാംമ്പെറ്റ - 1 കോടി<br>2. ജി.വി.എച്ച്.എസ്.എസ്. വെള്ളാർമല - 1 കോടി<br>3. ജി.എച്ച്.എസ്. അച്ചൂർ - 1 കോടി<br>4.ജി.എച്ച്.എസ്. എസ്. വൈത്തിരി - 1 കോടി<br>5. ജി.യു.പി.എസ് പിണങ്ങോട് - 1 കോടി<br>6.ജി.എച്ച്.എസ്. കോട്ടത്തറ - 1 കോടി<br>7. ജി.എച്ച്.എസ്. റിപ്പൺ - 1 കോടി<br>8. ജി.എച്ച്.എസ്. പനങ്കണ്ടി - 1 കോടി<br>9. ജി.എച്ച്.എസ്.എസ്. പടിഞ്ഞാറത്തറ - 1 കോടി |
| (ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നും ഏതെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന് കാരണമെന്തെന്നും വിശദമാക്കാമോ; | (ബി) & (സി) കൽപ്പറ്റ ജി.വി.എച്ച്.എസ്.എസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റു സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ജി.എച്ച്. എസ്.എസ്.മേപ്പാടി, ജി.എച്ച്.എസ്.എസ്. കാക്കവയൽ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി SPV ആയ കൈറ്റ് ടെണ്ടർ |

(സി) സർക്കാർ ഉത്തരവ് നം. 5503/18/ പൊ.വി.വ തീയതി 31.12.2018 പ്രകാരം ഒരു കോടി രൂപ വീതം അനുവദിച്ച കൽപ്പറ്റ മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള SPV ആയി 'ഇൻകലി'നെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻകൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എച്ച്.എസ്.എസ്. കണിയാംമ്പെറ്റയുടെ നിർമ്മാണം SPV ആയി ഇൻകലിനെ ചുമതലപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ ഒരു കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യുകയും ആയതിൽ ഉൾപ്പെട്ട കൽപ്പറ്റ മണ്ഡലത്തിലെ 9 സ്കൂളുകളുടേയും നിർമ്മാണ പ്രവർത്തനത്തിനുള്ള SPV ആയി 'കില'യേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

Namitha P

**സെക്ഷൻ ഓഫീസർ**